"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി — 2013-ലെ ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനരധിവാസ നിയമം പ്രകാരം വിഴിഞ്ഞത്ത് 4.40 ആർസ് (10.868 സെന്റ്) ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.56/2026/F&P തീയതി, തിരുവനന്തപുരം, 22-01-2026

---

പരാമർശം:- 1. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 06-01-2026-ാം തീയതിയിലെ VISL/38/2022-ALM/995 നം. കത്ത്.

2. 13-10-2025-ാം തീയതിയിൽ തുറമുഖ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്

**<u>ഉത്തരവ്</u>**

Design, Build, Finance, Operate, Transfer (DBFOT) അടിസ്ഥാനത്തിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസനത്തിനായി കേരള സർക്കാർ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി (AVPPL) 17-08-2015-ാം തീയതി കൺസഷൻ കരാറിലും, 28-11-2024-ാം തീയതി സപ്ലിമെന്ററി കൺസഷൻ കരാറിലും ഒപ്പുവെച്ചിട്ടുണ്ട്.

2. കൺസഷൻ കരാറിലെ 2.7.1 വ്യവസ്ഥ പ്രകാരം, തുറമുഖത്തെ NH-47 ബൈപാസുമായി ബന്ധിപ്പിക്കുന്നതിന് ഏകദേശം ചെയിനേജ് 26,540-ൽ ആരംഭിക്കുന്ന നാല് ലെയിൻ വിഭജിത റോഡ് നിർമ്മിക്കേണ്ടതുണ്ട്. കൺസഷൻ കരാർ പ്രകാരം റോഡ് കണക്ടിവിറ്റിയ്ക്കാവശ്യമായ ഭൂമി സംസ്ഥാന സർക്കാർ ഏറ്റെടുത്ത് അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിന് കൈമാറി നല്കേണ്ടതായിട്ടുണ്ട്. '

3. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ NH 66 മായി ബന്ധിപ്പിക്കുന്ന റോഡ് കണക്ടിവിറ്റി നിർമ്മാണത്തിനായി VISL നാളിതുവരെ 45 സെന്റ് ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്നും ഈ പ്രദേശത്ത് AVPPL റോഡ് കണക്ടിവിറ്റി നിർമ്മാണം പൂർത്തിയാക്കിവരുന്നതായും വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം 1-ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തു നിന്നും NH 66 ലേയ്ക്ക് ട്രൈലറുകൾ സുഗമമായി പ്രവേശിക്കുന്നതിനും ഹൈവേയിൽ നിന്നും വാഹനങ്ങൾ തുറമുഖ റോഡിലേയ്ക്ക് പ്രവേശിക്കുന്നതിനും ആവശ്യമായ 'U' ടേണുകൾ എടുക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് 4.40 ആർസ് (10.868 സെന്റ്) വസ്തു കൂടി ഏറ്റെടുത്ത് നൽകണമെന്ന് അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ്

ആവശ്യപ്പെട്ടിരുന്നതായും, 13-10-2025 ന് തുറമുഖ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ 3 ലൊക്കേഷനുകളിലായി ആകെ 4.40 ആർസ് (ലൊക്കേഷൻ1 - 1.42 ആർസ്, ലൊക്കേഷൻ2 - 1.13 ആർസ്, ലൊക്കേഷൻ3 - 1.85 ആർസ്) ഭൂമി ഏറ്റെടുക്കേണ്ടത് അനിവാര്യമാണെന്നതിനാൽ ആകെ 4.40 ആർസ് (10.868 സെന്റ്) ഭൂമി 2013-ലെ ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനരധിവാസ നിയമം പ്രകാരം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനായി പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2013-ലെ ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനരധിവാസ നിയമം പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി, തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിലെ വിഴിഞ്ഞം വില്ലേജിലെ ബ്ലോക്ക് നമ്പർ 14-ൽ ഉൾപ്പെട്ട താഴെപ്പറയുന്ന സർവേ നമ്പറുകളിലുള്ള ആകെ 4.40 ആർസ് (10.868 സെന്റ്) ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടി സ്വീകരിക്കുവാൻ തിരുവനന്തപുരം ജില്ലാ കലക്ടർക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

ഏറ്റെടുക്കേണ്ട ഭൂമിയുടെ വിവരംഃ

| Sl.No | Village | Block | Resurvey No | Extent in cents |
|---|---|---|---|---|
| **Location 1** | | | | |
| 1 | Vizhinjam | 14 | 592/3 | 3.500 |
| **Location 2** | | | | |
| 2 | Vizhinjam | 14 | 581/11 | 0.130 |
| 3 | Vizhinjam | 14 | 581/10 | 2.000 |
| 4 | Vizhinjam | 14 | 581/17 | 0.500 |
| 5 | Vizhinjam | 14 | 581/9 | 0.165 |
| **Location3** | | | | |
| 6 | Vizhinjam | 14 | 583/11 | 0.295 |
| 7 | Vizhinjam | 14 | 583/26 | 1.000 |
| 8 | Vizhinjam | 14 | 583/2 | 2.000 |
| 9 | Vizhinjam | 14 | 583/16 | 0.750 |
| 10 | Vizhinjam | 14 | 583/1 | 0.528 |
| | **Total** | | | **10.868** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ കൗശിഗൻ ഐഎഎസ്
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള
അക്കൗണ്ടന്റ് ജനറൽ (A&E), കേരള
റവന്യൂ (ബി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി (സർക്കാർ വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനായി)
SF/OC

ഉത്തരവിൻ പ്രകാരം

Signed by
Shajish P
സെക്ഷൻ ഓഫീസർ
Date: 22-01-2026 12:47:56

പകർപ്പ്ഃ ബഹു. തുറമുഖ സഹകരണ ദേവസ്വം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്